# പതിമൂന്നാം കേരള നിയമസഭ

## ആറാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2947 20.12.2012ൽ മറുപടിയ്ക്ക്

## സാങ്കേതിക യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ<br>ശ്രീ.പി.ഉബൈദുള്ള<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിനായി സാങ്കേതിക യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | അതിന്റെ ഘടന ഏതു വിധത്തിലായിരിക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) | സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ഘടനയെക്കുറിച്ചുള്ള അവസാനവട്ട തീരുമാനം ആയിട്ടില്ല. ടി യൂണിവേഴ്സിറ്റിയുടെ ആക്ട് രൂപീകരണത്തിനുള്ള കരട് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) | സാങ്കേതിക വിദ്യാഭ്യാസ മേഖല പരിഷ്കരിച്ച് ലോകനിലവാരത്തിലേക്കെത്തിക്കുന്നതിനായി സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ഘടനയിൽ മറ്റു യൂണിവേഴ്സിറ്റികളുടേതിൽ നിന്നും വ്യത്യസ്തത വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ടി യൂണിവേഴ്സിറ്റിയുടെ ആക്ട് വളരെ സവിശേഷതയും പ്രത്യേകതയുമുള്ള യൂണിവേഴ്സിറ്റിയായിട്ടാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഘടനകൾ മറ്റു യൂണിവേഴ്സിറ്റികളുമായി സമാനത പുലർത്തുമെങ്കിലും, ഗുണനിലവാരത്തിൽ വളരെയധികം ഊന്നൽ നൽകി പ്രവർത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സാങ്കേതിക യൂണിവേഴ്സിറ്റിയുടെ ആക്ടിന്റെ കരട് രൂപപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഇതിനായി മെഡിക്കൽ വെറ്ററിനറി യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | കേരളത്തിൽ നിലവിലുള്ള എല്ലാ യൂണിവേഴ്സിറ്റികളുടേയും ആക്ട് വിശദമായി പഠിച്ചതിനുശേഷമാണ് സാങ്കേതിക യൂണിവേഴ്സിറ്റി ആക്ടിന്റെ കരട് രൂപപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ